സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് "Life Jacket" പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്കുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങി അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ കാര്യമായി ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന കടലോരങ്ങളിലെല്ലാം തന്നെ പരിശീലനം നേടിയ ജീവൻരക്ഷാ പ്രവർത്തകരെ (ലൈഫ് ഗാർഡ്സ്) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 പേർ ലൈഫ്ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. (കോവളം-35, ശംഖുമുഖം - 8, വേളി - 9, വർക്കല - 18, കൊല്ലം - 8, ആലപ്പുഴ - 9, എറണാകുളം - 24, തൃശ്ശൂർ - 8, മലപ്പുറം - 2, കോഴിക്കോട് - 8, കണ്ണൂർ - 8, കാസർഗോഡ് - 2) ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളോട് അപമര്യാദയായി പെരുമാറുകയും അവരെ ആക്രമിക്കുകയും ചെയ്യുന്ന ഒട്ടേറെ സംഭവങ്ങൾ തടയുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഇത്തരം പ്രശ്നങ്ങൾ തടയുവാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

കേരളത്തിന്റെ ടൂറിസം രംഗം

286 (2566) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു. ഇതു വഴി എന്ത് തുക സംസ്ഥാന ഖജനാവിന് ലഭിക്കുകയുണ്ടായി എന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവും അധികം പേർ വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിനുള്ളിൽ നാളിതുവരെ എത്ര ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു; ഇതുവഴി എത്ര തുക ഖജനാവിന് ലഭ്യമാക്കുവാൻ സാധിച്ചു ഏറ്റവും കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകൾ വരുന്നത് ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി വിദേശ രാജ്യങ്ങളിൽ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്നു വ്യക്തമാക്കുമോ;

(ഇ) വിദേശ രാജ്യങ്ങളിലെ യാത്രയുമായി ബന്ധപ്പെട്ട് നാളിതുവരെ ടൂറിസം വകുപ്പിലെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ/ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുക?

ഉത്തരം

(എ) ഇല്ല.

(ബി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന ഖജനാവിന് 6,53,727 രൂപയും ടൂറിസം വകുപ്പിന് 25,37,596 രൂപയും ചെലവായിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിദേശയാത്രകൾക്ക് ടൂറിസം വകുപ്പിന് 1,44,25,831 രൂപ ചെലവായിട്ടുണ്ട്.

ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്റർ

287 (2567) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെ ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്ററായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly